"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്-സംസ്ഥാന ഭവന നിർമ്മാണ ബോർഡ്-ഇ.ഡബ്ല്യ.എസ്/എൽ.ഐ.ജി പദ്ധതി- പെന്റിംഗ് ബിൽ നൽകുവാൻ തുക അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.45/2025/HSG തീയതി,തിരുവനന്തപുരം, 22-10-2025

പരാമർശം:- 1. സ. ഉ. (സാധാ) നം. 4/2021/ഭവനം തീയതി 16.01.2021

2. 12.05.2025-ലെ ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ KSHB-HO/179/2025-AF1 നം. കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഇഡബ്ല്യഎസ്/എൽഐജി ഭവന പദ്ധതി പ്രകാരം ഭവനരഹിതരായ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന/ താഴ്ന്ന വരുമാനക്കാരായവർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നല്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം 12.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ പട്ടുവം എന്ന സ്ഥലത്ത് നടക്കുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണെന്നും പ്രവർത്തിയുടെ ഇലക്ട്രിക്കൽ,സിവിൽ കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകൾ നല്കുന്നതിന് ആകെ ₹38,99,583/- (മുപ്പത്തിയെട്ടുലക്ഷത്തി തൊണ്ണൂറ്റിയൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) അടിയന്തിരമായി റിലീസ് ചെയ്യണമെന്നും ബോർഡ് സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഇഡബ്ല്യഎസ്/എൽഐജി ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി 4216-80-800-95-01(P) എന്ന ശീർഷകത്തിൽ നിന്നും ₹38,99,583/- (മുപ്പത്തിയെട്ടുലക്ഷത്തി തൊണ്ണൂറ്റിയൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) ചുവടെ ചേർത്തിരിക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

1. The amount released shall be transfer credited to PSTSB account in compliance of GO(P)62/2018/Fin. dated 16/04/2018.
2. The instructions in Circular No. 84/2008/Fin. dated 09/12/2008, Circular No. 8/2018/Fin. dated 30/01/2018 & G. O. (Ms) No. 93/2020/Fin dated 11.09.2020 shall be scrupulously followed.
3. The Housing Board shall furnish duly authenticated detailed component wise statement

of expenditure and Utilization Certificate as per instructions in GO (Ms) No. 4/2020/Fin. dated 09/01/2020.

4. If there is un-utilized amount at the end of this financial year that should be refunded to the Government during the financial year itself.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ (പി. യു. സി) വകുപ്പ് (3156430/PU-C3/73/2025-Fin dated 21.10.2025)

വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 23-10-2025 11:09:06
സെക്ഷൻ ഓഫീസർ